# മലപ്പട്ടം ഗ്രാമ പഞ്ചായത്ത്

# ബഡ്ജറ്റ് 2025-26

മാന്യരേ,

മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ **2025-26** വർഷത്തെ ബഡ്ജറ്റാണ് അഭിമാനപൂർവ്വം ഞാനിവിടെ അവതരിപ്പിക്കുന്നത്. ഈ വർഷത്തെ ബഡ്ജറ്റ് അവതരണത്തിന് ആമുഖ പ്രഭാഷണം നടത്തിയ ബഹു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. കെ.പി രമണി, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, മെമ്പർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ, ജീവനക്കാർ, ആസൂത്രണസമിതി അംഗങ്ങൾ തുടങ്ങി ഈ ബഡ്ജറ്റ് അവതരണത്തിന് ഇവിടെ എത്തിച്ചേർന്ന നിങ്ങൾ ഏവരേയും 2025 - 26 വർഷത്തെ ബഡ്ജറ്റ് അവതരണത്തിനായുള്ള പ്രത്യേക യോഗത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ വികസന വസന്തം വിടരുന്നതിന് നിർണ്ണായക ചലനം കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. നമ്മുടെ പഞ്ചായത്തിന് ലഭിക്കുന്ന പരിമിതമായ ഫണ്ടുകൾക്കൊപ്പം, എം.എൽ.എ. ഫണ്ടുകളും മറ്റ് സ്രോതസുകളിൽ നിന്നുള്ള ഫണ്ടുകളും നേടിയെടുക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്.

എം.എൽ.എ ഫണ്ടിനത്തിൽ തലക്കോട് ചാർത്തോട്ടം റോഡിന് 20 ലക്ഷം രൂപയും, കരിമ്പീൽ അഡുവാപ്പുറം റോഡിന് 15 ലക്ഷം രൂപയും, വെസ്റ്റ്ഹിൽ കൊവുന്തല അടിച്ചേരി കൊളന്ത റോഡിന് 20 ലക്ഷം രൂപയും, കൊവുന്തല താഴത്തുവയൽ റോഡിന് 15 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഓരോ വാർഡിലും ഓരോ സോളാർ മിനി ഹൈമാസ്റ്റ് ലൈറ്റും പടപ്പക്കരി ഹാപ്പിനസ്സ് പാർക്കിന് 20 ലക്ഷം രൂപയും ടൂറിസത്തിന് 30 ലക്ഷം രൂപയും എം.എൽ.എ ഫണ്ട് മുഖേന ലഭ്യമായി. മലപ്പട്ടം ആശുപത്രിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1.25 കോടി അനുവദിക്കുകയും പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. അടൂർക്കടവ് പാലം 12 കോടി രൂപയും ലഭ്യമാക്കിയതിനെ തുടർന്ന് നിർമ്മാണം തുടർന്ന് വരികയാണ്. മലപ്പട്ടം ഹൈസ്കൂളിന് 1 കോടി പ്രവൃത്തി പൂർത്തികരിച്ച് ഉദ്ഘാടനം ചെയ്തു.

വികസനത്തിന് അടിത്തറ പാകുന്ന പലപ്രവർത്തനങ്ങൾക്കും തുടക്കം കുറിക്കുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 100% ജനങ്ങൾക്കും റോഡ് സൗകര്യം നേടാനായി. ആരോഗ്യ രംഗത്ത് വിസ്മയകരമായ വിപ്ലവമാണ് മലപ്പട്ടത്തിന്റേത്. മലപ്പട്ടം ഫാമിലി ഹെൽത്ത് സെന്ററിനെ സംസ്ഥാനത്തെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥാപനമാക്കാൻ നമുക്ക് കഴിഞ്ഞു. അന്താരാഷ്ട്ര നിലവാരത്തിലേക്കുയരുന്ന ഗവ. ഹയർ സെക്കണ്ടറി സ്കൂളും, മലപ്പട്ടത്തിന്റെ വികസനത്തിന് വഴിയൊരുക്കുന്ന റിവർ ടൂറിസം പദ്ധതിയും പൂർത്തിയാവുന്നതോടെ മലപ്പട്ടത്തിന്റെ മുഖച്ഛായ മാറുമെന്നതിന് സംശയമില്ല.

മലപ്പട്ടം കൊവുന്തല അംഗനവാടിക്ക് 4.5 ലക്ഷം രൂപ പഞ്ചായത്ത് വകയിരുത്തുകയും അതിന് പുറമെ ജില്ലാപഞ്ചായത്ത് 10 ലക്ഷം രൂപയും വനിത ശിശുവികസന ഡിപ്പാർട്ട്മെന്റെ 20 ലക്ഷം രൂപയും ഉൾപ്പെടെ സ്മാർട്ട് അംഗനവാടി യാഥാർത്ഥ്യമാക്കാൻ പോവുകയാണ്. പൂക്കണ്ടം പടപ്പക്കരിയിൽ വയോജനങ്ങൾക്കായുള്ള

കെട്ടിടത്തിന് 20ലക്ഷം രൂപയുടെ അടിസ്ഥാന സൌകര്യ വികസനത്തിനുള്ള സഹായവും ജില്ലാ പഞ്ചായത്തിന്റെ ഭാഗമായി ലഭ്യമായിട്ടുണ്ട്.

വനിത-ബാല-യുവജന രംഗത്ത് കലാപരമായി ഇടപെടുന്നതിന് കഴിഞ്ഞ വർഷം മാതൃക പരമായ പ്രവർത്തനങ്ങൾ നടത്താൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. കേരളോത്സവത്തിന് സമാനമായ രീതിയിൽ പുതുവത്സരദിനാത്തോടനുബന്ധിച്ച് വനിതാകലാമേളയും കൂട്ടായ്മയും ഉണ്ടാക്കിയെടുക്കാൻ സാധിച്ചു. സ്ത്രീ സൌഹൃദ പഞ്ചായത്തായി നിലനിർത്തി നമുക്ക് മുന്നോട്ട് പോകാൻ സാധിക്കണം. സംസ്ഥാനത്ത് അതിദരിദ്രമുക്ത പഞ്ചായത്തായി ആദ്യഘട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്ത് പ്രഖ്യാപിക്കുകയും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിക്കാനും നമുക്ക് തുടക്കത്തിൽ തന്നെ സാധിച്ചിട്ടുണ്ട്. അതോടൊപ്പം സമാനതകളില്ലാത്ത ജനകീയ കൂട്ടായ്മയോട് കൂടിയുള്ള പ്രവർത്തനത്തിലൂടെ സർക്കാരിന്റെ രണ്ടാംഘട്ട ശുചിത്വ ക്യാമ്പേയിൻ ഏറ്റെടുത്ത് സമ്പൂർണ്ണ ശുചിത്വ പ്രഖ്യാപനം ഈ സാമ്പത്തിക വർഷം നമുക്ക് നടത്താൻ സാധിച്ചു.മലപ്പട്ടം സൌന്ദര്യ വത്കരണം ഏറ്റെടുത്തു പറയേണ്ടത്താണ്. വരും സാമ്പത്തിക വർഷം കുടുബവും, വ്യക്തികളും കേന്ദ്രീകരിച്ചുള്ള ശുചിത്വ ക്യാപയിനുമായി നാം മുന്നോട്ട് പോകും

ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പദ്ധതികൾ പൂർത്തികരണത്തികരണത്തിലേക്ക് എത്തിയിരിക്കുകയാണ്. ലൈഫ് ഭവന പദ്ധതിയിലൂടെ 37 പേർക്ക് അപേക്ഷ കൊടുത്ത സ്ഥലമുള്ള എല്ലാവർക്കും വീട് കൊടുക്കാൻ നമുക്ക് സാധിച്ചു. ആശ്രയ വഴിയും വീട് റിപ്പയർ വഴിയും അതിദാരിദ്രത്തിപ്പെട്ട മറ്റ് ചിലർക്കും വീടുകൾ വാസയോഗ്യമാക്കാൻ സാധിക്കുകയുമുണ്ടായി സ്റ്റാർട്ടപ്പുകൾക്കും സ്വയം പര്യാപതത കൈവരിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഫണ്ട് വകയിരിത്തിയും സർക്കാരിന്റെ വ്യാവസായ ഇന്റേണിന്റെ സഹായത്തോട് കൂടിയും ഒട്ടേറെ സംരഭങ്ങൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുതിനും നമുക്ക് ഇടപെടലുകൾ നടത്താൻ സാധിച്ചിട്ടുണ്ട്.

പരിമിതമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗം എന്നതാണ് ഈ ബഡ്ജറ്റ് ലക്ഷ്യം വെക്കുന്നത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക, പെർമിറ്റ് ഫീ എന്നിവയാണ് പ്രധാന തനത് വരുമാനം. ഈ സാമ്പത്തിക വർഷം നികുതികൾ 91% പിരിച്ചെടുക്കുന്നതിനും വികസനഫണ്ട് ബഡ്ജറ്റ് വിഹിതമായി ലഭിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും നമുക്ക് സാധിക്കും. ഇതിനായി ആത്മാർത്ഥമായി പ്രയത്നിച്ച എല്ലാ ജീവനക്കാരേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും പഞ്ചായത്ത് ഭരണ സമിതിക്ക് വേണ്ടി അഭിനന്ദിക്കുന്നു. ഈ വർഷവും സമ്പൂർണ്ണ നികുതി പിരിവും ചെലവ് പുരോഗതിയും ലക്ഷ്യമിടുന്നു. അതോടൊപ്പം തനത് ഫണ്ട് വർദ്ധിപ്പിക്കാനുതകുന്ന പ്രവർത്തനവും നമുക്ക് തുടരേണ്ടതുണ്ട്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെയും സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വിലയേറിയ നിർദ്ദേശങ്ങൾക്കനുസൃതമായി തയ്യാറാക്കിയ ഈ ബഡ്ജറ്റ് നിങ്ങളുടെ സജീവ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

2025-26 സാമ്പത്തിക വർഷം നികുതി വരവായി 36,25,000 രൂപയും നികുതിയേതര വരവിനത്തി 32,16,000 രൂപയും, ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 90,71,200 രൂപയും, വികസന

പ്രവർത്തനങ്ങൾക്ക് സർക്കാർ ഗ്രാന്റായി 1,52,07,180 രൂപയും, റോഡ് അറ്റകുറ്റപ്പണിക്കായി 87,83,000 രൂപയും, റോഡിതര അറ്റകുറ്റപ്പണികൾക്കായി 4481000 -രൂപയും, സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി 2,98,50,000 രൂപയും, തൊഴിലുറപ്പ് പദ്ധതിക്ക് 3,00,00,000 രൂപയും, ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 7,89,400 രൂപയും, മറ്റു വിവിധ വരവുകളായി 61,03,500 രൂപയും ചേർന്ന് ആകെ വരവ് 11,11,26,280 രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പട്ടത്തെ മലപ്പട്ടമാക്കുന്നത് കാർഷിക മേഖലയാണ്. ഈ ബഡ്ജറ്റിൽ ഉത്പാദന മേഖലയ്ക്ക് ഊന്നൽ നൽകുന്നു എന്നത് സസന്തോഷം പങ്കുവെക്കുന്നു. നെൽകൃഷി വികസനം, ജൈവ പച്ചക്കറി ഉത്പാദനം, ചെറുധാധ്യ പയർ വർഗ്ഗ വിത്ത് വിതരണം, മഞ്ഞൾ വിത്ത് നൽകൽ,ജൈവവള വിതരണം,കേടായ തെങ്ങ് മുറിച്ചുമാറ്റൽ എന്നിവയ്ക്കെല്ലാം ഊന്നൽ നൽകിയിട്ടുണ്ട്. അതോടൊപ്പം സേവന മേഖലയ്ക്കും, പശ്ചാത്തല മേഖലയ്ക്കും തുല്യ പ്രാധാന്യം നൽകിയിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 8,00,000 രൂപ ആസ്തി നിർമ്മാണത്തിനായി മാറ്റി വച്ചിട്ടുണ്ട്. ദാരിദ്ര്യ ലഘൂകരണ പ്രൊജക്ടുകൾക്ക് പ്രത്യേക പ്രധാന്യം നൽകിയിട്ടുണ്ട്. വികലാംഗർ, വൃദ്ധർ, ശിശുക്കൾ, വനിതകൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. വനിതകൾക്കായി 9,50,3,000 രൂപയും സ്വാന്ത്വന പരിചരണത്തിനായി 7,37,650 രൂപയും വയോജനങ്ങളുടെ ക്ഷേമം, കുട്ടികളുടെയും ഭിന്നശേഷിക്കാരുടേയും ക്ഷേമം എന്നിവക്കായി 5,63,850 രൂപയും വകയിരുത്തിയിട്ടുണ്ട്. ആരോഗ്യ - കുടിവെള്ള- ശുചിത്വ മേഖലയ്ക്കും ഫണ്ടുകളുടെ ലഭ്യതക്കനുസരിച്ച് പ്രാധാന്യം നൽകിയിട്ടുണ്ട്. പട്ടികജാതി മേഖലയിലും ലഭ്യമായ മുഴുവൻ ഫണ്ടും ഉപയോഗിച്ച് പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. പശ്ചാത്തല മേഖലയിൽ തെരുവ് വിളക്കുകൾ പരിപാലിക്കുന്നതിനോടൊപ്പം പഞ്ചായത്തിലെ പരമാവധി റോഡുകൾ മെച്ചപ്പെടുത്തുന്നതിന് ഈ ബഡ്ജറ്റ് മുൻഗണന നൽകുന്നുണ്ട്. പഞ്ചായത്തിന്റെ ദുരിതാശ്വാസ നിധിയിലേക്ക് പരമാവധി സംഭാവനകളും സഹായങ്ങളും സൻനസുള്ളവരിൽ നിന്നും സ്വരൂപിച്ചുകൊണ്ട് അശരണരായവർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ അർഹരായവരെ കണ്ടെത്തി പരമാവധി സഹായം ലഭ്യമാക്കുന്നതാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും അംഗീകാരങ്ങൾ നേടിയെടുക്കുന്നതിനും ഉദ്യോഗസ്ഥ ജനപ്രതിനിധി കൂട്ടായ്മ വളരെ അത്യാവശ്യമാണ്. നാളിതുവരെ നിങ്ങൾ നൽകിയ നിസ്വാർത്ഥ സേവനം തുടർന്നും എല്ലാവരിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മുൻബാക്കി ഉൾപ്പെടെ ആകെ 11,21,93,090 രൂപ വരവും 110556080 രൂപ ചെലവും 1637010 രൂപ മിച്ചവുമുള്ള 2025-26 വർഷത്തേക്കുള്ള ബഡ്ജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

സമ്പൂർണ്ണ മാലിന്യമുക്ത പഞ്ചായത്ത് പ്രഖ്യാപനം വിജയകരമായി നടപ്പിലാക്കി. ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുകയും പുസ്തകം പ്രകാശനം ചെയ്യുകയും ചെയ്തു. അന്നത്തെ കലക്ടർ എസ് ചന്ദ്രശേഖരൻ IAS ആണ് പുസ്തകം പ്രകാശനം ചെയ്തത്. ജൈവ വൈവിധ്യ പാർക്കിന് ജൈവ വൈവിധ്യ ബോർഡ് 1 ലക്ഷം രൂപ നമുക്ക് അനുവദിക്കുകയും അത് പ്രകാരം ഫലവൃക്ഷ തൈകൾ വെച്ച് പിടിപ്പിച്ച് ജൈവവൈവിധ്യ പാർക്ക് ഉദ്ഘാടനം ചെയ്യുകയും ഉണ്ടായി. സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പിലാക്കി വളരെ മുമ്പെ തന്നെ നമ്മുടെ പഞ്ചായത്തിന് പ്രഖ്യാപിക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ നമ്മുടെ പഞ്ചായത്തിലെ ജലത്തിന്റെ

ലഭ്യതയും വിനിയോഗവും സംബന്ധിച്ച് പഠനം നടത്തി ജല ബഡ്ജറ്റ് തയ്യാറാക്കിയ പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത്. കമ്മ്യൂണിറ്റി ഹാൾ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ ഫണ്ടിന് ബഹുമാനപ്പെട്ട എം.എൽ.എ യോട് അഭ്യർത്ഥിച്ചതിന്റെ ഭാഗമായി ഫണ്ട് തരാമെന്ന് വാഗ്ദാനം ചെയ്യുകയുമുണ്ടായി. അത് പൂർത്തിയാക്കുന്നതോടെ കല്ല്യാണം പോലുള്ള പരിപാടികൾ അവിടെ വെച്ച് നടത്താനും അതുവഴി പഞ്ചായത്തിന് ചെറിയ വരുമാനം ഉണ്ടാക്കാനും സാധിക്കും. സാംസ്കാരിക നിലയത്തിന്റെ പുനരുദ്ധാരണവും പഞ്ചായത്ത് ഗ്രൌണ്ട് നവീകരണവും നമ്മുടെ ആവശ്യങ്ങളിൽ ചിലതാണ്. അത്കൂടി പ്രാവർത്തികമാക്കാനുള്ള ഇടപെടൽ നമുക്ക് കൂടായി സംഘടിപ്പിക്കാം.

അതിദരിദ്രരില്ലാത്ത ഒരു കേരളം സൃഷ്ടിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച പദ്ധതി പ്രകാരം മലപ്പട്ടം പഞ്ചായത്തിൽ 12 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇവരെയെല്ലാം അതിദരിദ്ര പട്ടികയിൽ നിന്ന് മോചിപ്പിക്കാൻ നമുക്ക് ഇതിനകം നമുക്ക് സാധിച്ചിട്ടുണ്ട്. എം.എൽ.എ. മുൻകൈ എടുത്ത് നടപ്പിലാക്കുന്ന തളിപ്പറമ്പ് മണ്ഡലം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ കണ്ടെത്തിയ 3009 പഠിതാക്കളെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരരാക്കാനും ഇതിനോടകം നമുക്ക്സാധിച്ചിട്ടുണ്ട്.

വികസന രംഗത്ത് വലിയ മുന്നേറ്റമാണ് കഴിഞ്ഞ വർഷങ്ങളിൽ നമുക്ക് നോടാനായത് എങ്കിലും , നമ്മുടെ സാമ്പത്തിക വിഭവം പരിമിതമാണെന്ന് നമുക്കറിയാം. എന്നാൽ പ്രബുദ്ധരും, സാമൂഹിക ബോധവും കൈമുതലാക്കിയ പൊതു സമൂഹം മലപ്പട്ടത്തിന്റെ കരുത്താണ്. ജനകീയ പങ്കാളിത്തത്തിലൂടെ നമുക്ക് പലതും നേടിയെടുക്കാനാകും എന്ന് നമ്മൾ തെളിയിച്ചിട്ടുണ്ട്. ജനങ്ങളാണ് നമ്മുടെ കരുത്ത് . ആ കരുത്തിനെ ആവേശമാക്കി നമുക്ക് മുന്നോട്ട് പോവണം. ഭരണ സമിതിയും ഉദ്യോഗസ്ഥരും, ജനങ്ങളും തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചാൽ നമ്മുടെ പഞ്ചായത്തിനെ വികസന രംഗത്ത് മുൻനിരയിൽ എത്തിക്കാൻ സാധിക്കും എന്നതിൽ സംശയമില്ല. അതിനായി എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിക്കുന്നു.

അതിദരിദ്രരില്ലാത്ത ഒരു കേരളം സൃഷ്ടിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച പദ്ധതി പ്രകാരം മലപ്പട്ടം പഞ്ചായത്തിൽ 12 പേരെയാണ് കണ്ടെത്തിയിട്ടുള്ളത്. ഇവരെയെല്ലാം അതിദരിദ്ര പട്ടികയിൽ നിന്ന് മോചിപ്പിക്കാൻ നമുക്ക് ഇതിനകം നമുക്ക് സാധിച്ചിട്ടുണ്ട്. എം.എൽ.എ. മുൻകൈ എടുത്ത് നടപ്പിലാക്കുന്ന തളിപ്പറമ്പ് മണ്ഡലം സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത പദ്ധതി പ്രകാരം നമ്മുടെ പഞ്ചായത്തിൽ കണ്ടെത്തിയ 3009 പഠിതാക്കളെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരരാക്കാനും ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

സസ്നേഹം,

**ഇ. ചന്ദ്രൻ മാസ്റ്റർ,**
***വൈസ് പ്രസിഡന്റ് & ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ,***
***മലപ്പട്ടം ഗ്രാമ പഞ്ചായത്ത്.***